# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ **1854** — **07.03.2017** ൽ മറുപടിക്ക്

### അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി

| **ചോദ്യം:**<br>**ശ്രീ. എം.വിൻസെന്റ്** | **ഉത്തരം :**<br>**ശ്രീ.പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീമതി.ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ഐ.എ.എസ്. (കെ.എൽ. 2010) ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) ഈ കാലയളവിൽ ശ്രീ.ഇന്ദർജിത്ത് സിംഗ് ഐ.എ.എസ്., ശ്രീ.ഡി.കെ.വർമ്മ ഐ.എഫ്.സ്., ശ്രീ.ആർ.കമലാഹർ ഐ.എഫ്.എസ്., ശ്രീമതി.റ്റി.ഉമ ഐ.എഫ്.എസ്. എന്നീ അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. |
| (സി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടിയാണ് സ്വീകരിച്ചതെന്നും എന്തുകാരണത്താലാണ് ശിക്ഷണ നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ? | (സി) ഈ കാലയളവിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതുമായി ബന്ധപ്പെട്ടും, കളമശ്ശേരി ഭൂമി ഇടപാടുമായി ബന്ധപ്പെട്ടും ശ്രീ. സൂരജ് ഐ.എ.എസിനെതിരെയും കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് സാഗിർ ഐ.എ.എസിനെതിരെയും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ പനമരം ഗ്രാമപഞ്ചായത്തിൽ |

വനിതാ വ്യവസായ യൂണിറ്റിനായി കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് ഐസക് ഐ.എ.എസ്. (റിട്ട.) നെതിരെയും ബഹു. കോഴിക്കോട് എം.പി. ശ്രീ.എം.കെ.രാഘവനെതിരെ മാധ്യമങ്ങളിലും മറ്റും ആരോപണങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ കോഴിക്കോട് ജില്ലാ കളക്ടർ ശ്രീ.എൻ.പ്രശാന്ത് ഐ.എ.എസിനെതിരെയും അച്ചടക്ക നടപടി നിലവിലുണ്ട്.

ശ്രീ.രാഹുൽ ആർ.നായർ ഐ.പി.എസിനെതിരെ ടിയാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിൻമേലുള്ള ശിക്ഷണ നടപടികൾ തുടർന്നുവരികയാണ്. ശ്രീ.ജി.ലക്ഷ്മൺ ഐ.പി.എസ്. സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിൻമേൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

മേൽസൂചിപ്പിച്ച അച്ചടക്ക നടപടികളിലൊന്നുംതന്നെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

Manoj M

**സെക്ഷൻ ഓഫീസർ**